ലോക്ഡൗൺ അനുഭവം

# വീട് തന്നെയാണ് ഏറ്റവും മികച്ച വിദ്യാലയം




ജൂലൈ 16 ലക്കത്തിൽ "ലോക് ഡൗൺ അനുഭവങ്ങൾ എഴുതൂ" മൽസരം മലർവാടി സംഘടിപ്പിച്ചിരുന്നല്ലോ. സമ്മാനർഹമായ രചനയാണിത്. വിജയിയായ ആദിലക്കും മൽസരത്തിൽ പങ്കെടുത്ത മറ്റെല്ലാ കൂട്ടുകാർക്കും മലർവാടിയുടെ അഭിനന്ദനങ്ങൾ

ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ മഹാമാരിയെയാണല്ലോ നമ്മൾ ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ നീരാളിപ്പിടിത്തത്തിൽനിന്നും രക്ഷ നേടാൻ ആണല്ലോ നമ്മൾ എല്ലാവരും ലോക്ഡൗൺ ആയിപ്പോയത്. ലോക്ഡൗണിന്റെ പ്രായോഗിക അർത്ഥം തന്നെ വീട്ടിലേക്ക് മടങ്ങൂ എന്നാണല്ലോ.

വീട്ടിൽ ഒരുമിച്ച് കഴിഞ്ഞിട്ടും രക്ഷിതാക്കൾക്കും മക്കൾക്കും ഒന്നിച്ചിരുന്ന് സംസാരിക്കാനോ ഭക്ഷണം കഴിക്കാനോ സമയം കിട്ടാറില്ല. കോവിഡ്19-ന്റെ കാല



**ആദില. പി. എ**
ക്ലാസ് 10, ലെമർ പബ്ലിക് സ്കൂൾ
തൃപ്രയാർ

ത്ത് നമുക്ക് ചുറ്റുമുള്ള കാര്യങ്ങളെ കുറിച്ച് ചിന്തിക്കാനും പഠിക്കാനും കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യമാണ്.

ഈ കോവിഡ്19 നമ്മളെ നല്ലൊരു പാഠം തന്നെ പഠിപ്പിച്ചു.

കോവിഡ് ബാധിച്ച് വിദേശത്തും സ്വദേശത്തുമുള്ള കുറേ പേർ മരണപ്പെട്ട കാര്യവും വാർത്തകളിലൂടെ നമ്മൾ അറിഞ്ഞു. മരിച്ചവരെ ശരിക്കൊന്ന് കാണാൻ ബന്ധുക്കൾക്കു പോലും കഴിഞ്ഞില്ല.

ആദ്യസമയത്ത് വിദേശങ്ങളിൽ നിന്ന് വരുന്നവരോട് നാട്ടുകാർക്ക് വല്ലാത്തൊരു ഭയമായിരുന്നു. പ്രവാസികളെ ആട്ടിയോടിക്കുന്നതും കണ്ടു. അതുപോലെ കോയമ്പത്തൂരിൽ നിന്നും വന്ന സ്വന്തം വീട്ടിൽ ക്വാറന്റീൻ ഇരിക്കാൻ വന്ന ഉദ്യോഗസ്ഥയെ ആ നാട്ടുകാർ അവിടെ നിന്നും ഓടിച്ചു വിട്ടപ്പോൾ പോലീസുകാരുടെ സഹായത്താൽ മറ്റൊരിടത്തേക്ക് പോവുകയാണ് ഉണ്ടായത്. അതുപോലെ ഒരു പനി വന്നപ്പോൾ കോവിഡ് ആണെന്ന സംശയത്താൽ ഹോസ്റ്റലിൽ നിന്ന് ഒരു വിദ്യാർത്ഥിയെ പുറത്താക്കുകയും ആ കുട്ടി ഇരുന്ന് കരയുന്നതും കണ്ടു.

കോവിഡ് മൂലം മരണമടഞ്ഞ പലരെയും പൊതുശ്മശാനത്തിൽ പോലും മറവ് ചെയ്യാൻ വിസമ്മതിക്കുന്ന നാട്ടുകാരെ പലയിടത്തും കാണാൻ കഴിഞ്ഞു. ഇവരെല്ലാം എന്തു തെറ്റ് ചെയ്തു. രോഗം നാളെ നമുക്കും വന്നുകൂടാ

▸▸ മരത്തിലുണ്ടാകുന്ന ഏറ്റവും വലിയ പഴം– ചക്ക

യ്കയില്ലല്ലോ. ഏത് രോഗത്തിനും ആദ്യ മരുന്ന് മനസ്സമാധാനമാണല്ലോ. മനുഷ്യർ ഇപ്പോൾ സ്വാർത്ഥതാൽപര്യങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. നല്ല വിദ്യാഭ്യാസം സമം നല്ല സംസ്കാരം എന്നത് വഴിമാറി നല്ല വരുമാനം എന്നായി. ഈ ചിന്തകൾ പൂന്താനത്തിന്റെ ഈ വരികളാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്:

*'അർഥമെത്ര വളരെയുണ്ടായാലും*
*തൃപ്തിയാകാ മനസ്സിന്നൊരു കാലം*
*പത്തു കിട്ടുകിൽ നൂറു മതിയെന്നും*
*ശതമാകിൽ സഹസ്രം മതിയെന്നും.'*

മലർവാടി ബാലസംഘം ആവിഷ്കരിച്ച വൈജ്ഞാനികവും കൗതുകകരവുമായ പരിപാടികൾ ഈ ലോക്ഡൗൺ കാലത്ത് കുട്ടികളുടെ സർഗാത്മകതയെ വളർത്താൻ സഹായിക്കുന്നതായിരുന്നു. സമൂഹമാധ്യമങ്ങൾ അത്തരത്തിൽ ഗുണപരമായി ഉപയോഗിക്കാനും കഴിഞ്ഞു.

ഈ ലോക്ഡൗൺ കാലത്ത് വീടും പരിസരവുമെല്ലാം വൃത്തിയാക്കാൻ കഴിഞ്ഞു. ധാരാളം പച്ചക്കറികളും പൂച്ചെടികളും നട്ടു. തേനീച്ചകളെ വളർത്താൻ തുടങ്ങി. എല്ലാ കാര്യങ്ങൾക്കും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി മാറണം എന്ന് എല്ലാവരും ഈ ലോക്ഡൗൺ കാലത്ത് ആലോചിച്ച് തുടങ്ങി.

അടുക്കളജോലികളിൽ ഉമ്മയെ സഹായിക്കാൻ നിന്നപ്പോൾ കുറേ പാചകവും പഠിക്കാൻ കഴിഞ്ഞു. വായിക്കാതെ വെച്ചിരുന്ന പുസ്തകങ്ങൾ വായിക്കാനും ഖുർആനിന്റെ അർത്ഥം മനസ്സിലാക്കാൻ പരിഭാഷ വായിക്കാനും തുടങ്ങി. ചില സൂറത്തുകൾ കാണാതെ പഠിച്ചു. ഓൺലൈൻ വഴിയുള്ള ഒരുപാട് മൽസരങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞു. ഞങ്ങളുടെ നാട്ടിലെ ചങ്ങാതിക്കൂട്ടം ക്ലബ്ബിന്റെ സർഗോൽസവം പരിപാടിയിൽ ക്വിസ് മൽസരത്തിൽ ഒന്നാം സ്ഥാനവും ഉപന്യാസ മൽസരത്തിന് രണ്ടാം സമ്മാനവും ലഭിച്ചു.

മലർവാടിയിൽ വരുന്ന ഫ്ലൂട്ട് നോട്ടുകൾ എനിക്ക് ഏറെ ഉപകാരം ചെയ്തു എന്ന് കൂട്ടത്തിൽ പറയട്ടെ. യൂട്യൂബിൽ നോക്കി ക്രാഫ്റ്റ് ആന്റ് ആർട്ട് വർക്കും പരിശീലിച്ചു. അക്വാറിയം ഉണ്ടാക്കി. മൽസ്യകൃഷിയിൽ ചില കാൽവെപ്പുകൾ നടത്തി. വീട്ടിലുണ്ടായിരുന്ന ഫാം ഒന്ന് വിപുലീകരിച്ചു. സമയക്കുറവ് മൂലം അടുക്കാൻ കഴിയാതിരുന്ന ബന്ധുക്കൾക്കെല്ലാം ഫോൺ ചെയ്ത് ബന്ധം പുതുക്കി.

മുതിർന്നവർക്കൊപ്പം കുട്ടികളും തങ്ങളുടെ ആഘോഷങ്ങളെല്ലാം മാറ്റിവെച്ച് കഷ്ടത അനുഭവിക്കുന്നവർക്ക് സാന്ത്വനമാകുന്ന കാലമാണല്ലോ. ഞാനും പെരുന്നാൾകോടി വാങ്ങാൻ എടുത്തുവെച്ച കാശ് അത്തരമൊരു ഫണ്ടിലേക്ക് നൽകുകയാണ് ഉണ്ടായത്.

സ്കൂൾ പഠനം ഓൺലൈൻ വഴിയായപ്പോൾ ടിവി ഇല്ലാത്ത ഇരുപത് കുട്ടികൾക്ക് ഞങ്ങളുടെ സ്കൂളിന്റെ വക 'ഒത്തൊരുമിച്ച് കൈകോർക്കാം' എന്ന പദ്ധതി വഴി ടിവി എൻ.എസ്.എസ് പ്രവർത്തകർ വീട്ടിലേക്ക് എത്തിച്ചു നൽകി.

മലർവാടിയിൽ വൈറലിൽ വരുന്ന ഒരുപാട് കഥകൾ ഇങ്ങനെയൊക്കെ ചെയ്യാൻ ഞങ്ങൾക്ക് നല്ല പ്രോൽസാഹനമാകുന്നുണ്ട്. തൈറ എന്ന പെൺകുട്ടിയെ കുറിച്ച് വൈറലിൽ വായിച്ചിരുന്നു. ഒരു വിവാഹത്തിൽ പങ്കെടുക്കാൻ പോയ ആ പെൺകുട്ടി അവിടെ ബാക്കി വന്ന ഭക്ഷണം കുഴിച്ചുമൂടുന്നതായി ശ്രദ്ധിച്ചു. അങ്ങനെ ബാക്കി വരുന്ന ഭക്ഷണം ശേഖരിച്ച് ചേരിപ്രദേശങ്ങളിലേക്ക് എന്തുകൊണ്ട് എത്തിച്ചുകൂടാ എന്ന് അവൾ ചിന്തിക്കുകയും അങ്ങനെ ചെയ്യുകയും ചെയ്യുകയാണ്.

മുതിർന്നവർക്ക് ചെയ്യാൻ തോന്നാത്ത കാര്യങ്ങൾ ഒരു പത്താം ക്ലാസുകാരിക്ക് തോന്നുന്നു എന്നത് ഞങ്ങൾക്ക് വലിയ പ്രചോദനമാണ്.

ലളിതകലാ അക്കാദമിയുടെ കോവിഡ് കാലത്തെ നിറക്കൂട്ടുകൾ എന്ന പരിപാടിയിൽ പങ്കെടുത്ത് സമ്മാനം ലഭിച്ചു.

ഇത്രയും ദിവസം വീട്ടിലിരുന്നത് ഒരു ബോറടിയായി എനിക്ക് തോന്നിയിട്ടേ ഇല്ല. വീടിന് സമാനമായ വിദ്യാലയമോ സൽഗുണ സമ്പന്നരായ മാതാപിതാക്കളേക്കാൾ വലിയ അധ്യാപകരോ ഇല്ല എന്ന് ഗാന്ധിജി പറഞ്ഞത് എത്ര ശരിയാണെന്ന് ഈ കോവിഡ് കാലത്ത് മനസ്സിലാകുന്നു.

മാസ്ക് ധരിച്ചും സാനിറ്റൈസർ ഉപയോഗിച്ചും സാമൂഹിക അകലം പാലിച്ചുമെല്ലാം കോവിഡിൽ നിന്ന് മുക്തി നേടാൻ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കേണ്ട കാലമാണ്. ആരോഗ്യം തന്നെയാണല്ലോ നമ്മുടെ സമ്പത്ത്. സ്വന്തം ശരീരം നോക്കാതെ മറ്റുള്ളവർക്ക് വേണ്ടി ത്യാഗം സഹിക്കുന്ന ഡോക്ടർമാർ, നഴ്സുമാർ, സാമൂഹിക പ്രവർത്തകർ, പോലീസുകാർ തുടങ്ങിയവരുടെയെല്ലാം സേവനം സ്തുത്യർഹമാണ്. അവർക്കെല്ലാം ഒരു ബിഗ് സല്യൂട്ട്.

●

▸▸ കൈതച്ചക്കയിൽ അടങ്ങിയിരിക്കുന്ന ദഹനസഹായിയായ എൻസൈം– ബ്രോമലൈൻ